# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

**അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,**

**തിരുവനന്തപുരം –695003, ഫോൺ/ഫാക്സ് - 0471 2727379**

**ഇമെയിൽ** - obcdirectorate@gmail.com, **വെബ്സൈറ്റ്** –www.bcdd.kerala.gov.in

---

BCDIR/A1/114/19 തീയതി:30/05/2019

## വിജ്ഞാപനം

**പിന്നാക്ക** വിഭാഗ വികസന വകുപ്പ് ഒ.ബി.സി വിഭാഗം വിദ്യാർത്ഥികൾക്കായി നടപ്പിലാക്കുന്ന മത്സര പരീക്ഷാ പരിശീലന ധനസഹായ പദ്ധതിയായ എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം എന്ന പദ്ധതിയിൽ എംപാനൽ ചെയ്യപ്പെടുന്നതിന് സംസ്ഥാനത്തെ, മെഡിക്കൽ/എഞ്ചിനീയറിങ് എൻട്രൻസ്, ബാങ്കിങ്, സിവിൽ സർവ്വീസ്, GATE/MAT/NET/UGC എന്നീ മത്സര പരീക്ഷാ പരിശീലന കോഴ്സുകൾ നടത്തുന്ന പ്രശസ്തമായ പരിശീലന സ്ഥാപനങ്ങളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. മാതൃകാ അപേക്ഷാഫാറവും അനുബന്ധ രേഖകളും 15.06.2019 നകം നേരിട്ടോ തപാൽ മാർഗ്ഗമോ പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമാക്കണം. മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

**മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും**

1. സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്ന പരിശീലന സ്ഥാപനം ആയിരിക്കണം.
2. സ്ഥാപനം സ്ഥിതി ചെയ്യുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്തിരിക്കണം.
3. കുറഞ്ഞത് 5 വർഷത്തെയെങ്കിലും പ്രവർത്തന പരിചയം ഉണ്ടായിരിക്കണം.
4. പ്രതിവർഷം ശരാശരി 50 വിദ്യാർത്ഥികളെയെങ്കിലും പരിശീലിപ്പിക്കുന്ന സ്ഥാപനമായിരിക്കണം.
5. മുൻ വർഷങ്ങളിൽ മികച്ച റിസൽട്ട് സൃഷ്ടിച്ചിട്ടുള്ള സ്ഥാപനമായിരിക്കണം.
6. എംപാനൽമെന്റ് സംബന്ധിച്ച അന്തിമ തീരുമാനം സംസ്ഥാന സർക്കാരിന്റേതായിരിക്കും. എംപാനൽ ചെയ്യപ്പെടുന്ന സ്ഥാപനങ്ങളിൽ പരിശീലനം നടത്തുന്ന, തെരഞ്ഞെടുക്കപ്പെടുന്ന ഒ.ബി.സി വിഭാഗം വിദ്യാർത്ഥികൾക്ക് പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി ലഭ്യമായ ഫണ്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം (ട്യൂഷൻ ഫീസ്, സ്റ്റൈപ്പന്റ്) എന്നിവ അനുവദിക്കുന്നതാണ്.
7. അപേക്ഷാഫാറവും അനുബന്ധ രേഖകളും ചുവടെ പറയുന്ന വിലാസത്തിൽ **15.06.19** നകം ലഭ്യമാക്കേണ്ടതാണ്. ടി തീയതിയ്ക്കകം ലഭ്യമാകാത്തതും, ആഫീസ് മേധാവിയുടെ ഒപ്പ്/സീൽ എന്നിവ പതിക്കാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

**ഡയറക്ടർ**
**പിന്നാക്ക വിഭാഗ വികസന വകുപ്പ്**
**അയ്യൻകാളി ഭവൻ നാലാം നില, കനകനഗർ**
**വെള്ളയമ്പലം, കവടിയാർ പി.ഒ, തിരുവനന്തപുരം – 3**

(ഒപ്പ്)
ഡയറക്ടർ

അംഗീകാരത്തോടെ
സൂപ്രണ്ട്

പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ * തിരുവനന്തപുരം-3